I/86097/2023

വിവരാവകാശം/മറുപടി

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :14-03-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീജിത്ത് .എൻ
നെടുംപറമ്പിൽ വീട്
മൊസ്കോ-കല്ലുവെട്ടം റോഡ്
മാടപ്പള്ളി.പി.ഒ .കോട്ടയം
പിൻ 686546.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 16/02/2023 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1 . സാമൂഹ്യ നീതി വകുപ്പിലും ,വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും ഭിന്നശേഷി അവകാശ നിയമം നടപ്പിലാക്കി വരുന്നു. ടി നിയമം നടപ്പിലാക്കുന്നതിനു കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം സാമൂഹ്യ നീതി വകുപ്പിന് ലഭിച്ചിട്ടുണ്ട്.

2. 2015 ലെ അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 7,93,937 പേർ ഭിന്നശേഷിയുള്ളവരാണ്.

3. സാമൂഹ്യനീതി വകുപ്പിന്റെ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം ഭീന്നശേഷി സൗഹൃദമാണ്. ഭിന്നശേഷിക്കാർക്കായി റാമ്പ്, കൈവരികൾ ,തടസങ്ങൾ ഇല്ലാത്ത ലിഫ്റ്റുകൾ, ടാക്ട്റ്റൈൽ ടെയിൽ പാകിയ ഫ്ലോറുകൾ, സൈനേജുകൾ, ഭിന്നശേഷിസൗഹൃദ ടോയിലറ്റുകൾ , കിയോസ്ക് യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട് .

4.അതെ

5. ഭിന്നശേഷി അവകാശ നിയമം ഭിന്നശേഷികമ്മീഷ്ണറേറ്റ് മുഖേന ബ്രയിലി ലിപിയിലേക്കു തർജിമ ചെയ്തിട്ടുണ്ട്. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു

I/86097/2023

വരുന്നു .

ചോദ്യം നം 6,7,8 എന്നിവക്കുള്ള മറുപടി താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് കൈമാറിയിട്ടുണ്ട് .

9.വകുപ്പിന് കീഴിൽ സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നില്ല .

10. ഭിന്നശേഷിയുള്ളവരെ സംരക്ഷിയ്ക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ 19 സ്ഥാപനങ്ങളും ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 2 ഭിന്നശേഷി തൊഴിൽപരിശീലന കേന്ദ്രങ്ങളും പ്രവർത്തിയ്ക്കുന്നുണ്ട്. പത്തനംതിട്ട,കോട്ടയം,കണ്ണൂർ,കാസർഗോഡ് എന്നീ ജില്ലകളിൽ സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഭിന്നശേഷിക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നില്ല.

11. Equal Opportunity Policy തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

12. ഇല്ല

13. ഭിന്നശേഷിക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുമ്പോൾ മറ്റുള്ളവരിൽ നിന്നും 2 5 % അധികം നൽകണമെന്നും എന്നാൽ ആയത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനുസൃതമായി നടപ്പാക്കണം എന്നുമാണ് സെക്ഷൻ 24(1) വ്യവസ്ഥ ചെയ്തിട്ടുള്ളത് .ഇത് പ്രകാരമാണ് പദ്ധതികൾ നടപ്പക്കിവരുന്നത് .

14. സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ഭിന്നശേഷിക്കാരൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ റേഷൻ കാർഡാണ് നിലവിൽ പരിഗണിച്ചുവരുന്നത്.

15.നിയമപരമായ രക്ഷകർതൃത്വത്തിൽ രക്ഷകർത്താവിന്റെ വരുമാനമാണ് പരിഗണിക്കുന്നത്.

16.സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പരാതി പരിഹാര ഓഫീസറെ നിയമിച്ചിട്ടുണ്ട്. ടി ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേരു വിവരം താഴെ ചേർക്കുന്നു.

ശ്രീ സുഭാഷ് കുമാർ കെ വി, ജോയിന്റ് ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്.

17 . <u>ശ്രേഷ്ഠം പദ്ധതി</u> - സാമ്പത്തികശേഷി കുറഞ്ഞവരും 40% വും അതിനു മുകളിലും ഭിന്നശേഷിത്വമുള്ളവരുമായ RPwD Act അനുശാസിക്കുന്ന എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെയും. കലാകായിക രംഗത്തെ മികവിന്റെയും അടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം'. കലാ-കായിക ഇനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനം ആണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. വ്യത്യസ്ഥ കലാ-കായിക രംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് രാജ്യത്തിനകത്തുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം ഉറപ്പ് വരുത്തുന്നതിനായി ഒരു ജില്ലയിലെ കലാ മേഖലയിൽ നിന്നുള്ള 5 പേർക്കും കായിക മേഖലയിൽ നിന്നുള്ള 5 പേർക്കുമായി ആകെ 10 പേർക്ക് **10,000/- രൂപ** വീതം ധനസഹായം അനുവദിക്കുന്നു.

I/86097/2023

ഭിന്നശേഷി ദിനാഘോഷം

ഡിസംബർ 3 ലോകഭിന്നശേഷി ദിനത്തോടനുബന്ധിച്ച് എല്ലാ വർഷവും ജില്ലകൾ കേന്ദ്രീകരിച്ച് ഭിന്നശേഷി ദിനാഘോഷം നടത്തിവരുന്നു. പ്രസ്തുത പരിപാടിയിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്കായി കലാ-കായിക പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ അന്നേദിവസം ഏതെങ്കിലും ഒരു ജില്ല കേന്ദ്രീകരിച്ച് സംസ്ഥാനതല ദിനാഘോഷവും നടത്തിവരുന്നുണ്ട്. പ്രസ്തുത ചടങ്ങിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന സർക്കാർ, സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്കും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾ, ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കും എല്ലാ വർഷവും അവാർഡ് നൽകി ആദരിച്ചു വരുന്നുണ്ട്.

18. വകുപ്പ് ശ്രേഷ്ഠം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സാമ്പത്തികശേഷി കുറഞ്ഞവരും 40% വും അതിനു മുകളിലും ഭിന്നശേഷിത്വമുള്ളവരുമായ RPwD Act അനുശാസിക്കുന്ന എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെയും. കലാകായിക രംഗത്തെ മികവിന്റെയും അടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം'. കലാ-കായിക ഇനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനം ആണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. വ്യത്യസ്ഥ കലാ-കായിക രംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് രാജ്യത്തിനകത്തുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം ഉറപ്പ് വരുത്തുന്നതിനായി ഒരു ജില്ലയിലെ കലാ മേഖലയിൽ നിന്നുള്ള 5 പേർക്കും കായിക മേഖലയിൽ നിന്നുള്ള 5 പേർക്കുമായി ആകെ 10 പേർക്ക് **10,000/- രൂപ** വീതം ധനസഹായം അനുവദിക്കുന്നു.

19. 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 33 ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് (സ ഉ (അച്ചടി) നം 8/2018/സാനീവ, തീയതി. 19/06/2018) പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് 4% സംവരണം ഉറപ്പാക്കുന്നതിനായി 49 കോമൺ കാറ്റഗറി തസ്തികകൾക്കും വിവിധ വകുപ്പുകളിലെ 654 എൻട്രി കേഡർ തസ്തികകൾക്കും 4% സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത വിവിധ വകുപ്പുകളിലെ 238 ഓളം തസ്തികകളുടെ ഫിസിക്കൽ ആൻഡ് ഫങ്ഷണൽ അസ്സസ്സ്മെന്റ് നടത്തി ഡ്രാഫ്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ പി എസ് സി റിക്രൂട്ട്മെന്റ് നടപ്പാക്കിയിട്ടുള്ള പൊതു മേഖല സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, കമ്പനികൾ, എന്നിവയിലെ നിയമനങ്ങളിലും സംവരണം അനുവദിക്കുന്നതിന് ആവശ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് , തസ്തികകളുടെ ഫങ്ഷണാലിറ്റി അസ്സസ്സ്മെന്റ് അതാത് വകുപ്പുകൾ തന്നെ നടത്തുന്നതിനും എക്സ്പെർട്ട് കമ്മിററി കൺവീനർ ആയ സാമൂഹ്യനീതി ഡയറക്ടർക്ക് ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

20. GO(P) No. 7/2022/SJD, dated 28/10/2022 നം ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിലെ Office Attendant, Clerk, LD Typist, Clerk- Typist, Confidential Assisstant Gr II, എന്നീ തസ്തികകൾ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് 4% സംവരണം അനുവദിക്കുന്നതിന്

I/86097/2023

അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. ടി തസ്തികകളിൽ പി എസ് സി മുഖേനയുള്ള നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് 4% സംവരണം അനുവദിക്കുന്നതാണ്.

21. നീക്കി വച്ചിട്ടില്ല. 4% സംവരണ തത്വം പാലിച്ച് ആർക്കും നിയമനം നൽകിയിട്ടില്ല.

22. 4% സംവരണ തത്വം പാലിച്ച് ആർക്കും നിലവിൽ നിയമനം നൽകിയിട്ടില്ല.

23. ഇല്ല , RPWD Act സെക്ഷൻ 45(2) പ്രകാരം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട് .

24.ഇല്ല. കാലാവധി നീട്ടിനല്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട് .

25. സെക്ഷൻ 10 ബാധകമല്ല.

സെക്ഷൻ 25 പ്രകാരം വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട് .സംസ്ഥാന സർക്കാരിന്റെ ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും സർക്കാർ ഓഫീസുകളും ഉൾപ്പെടെ എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി തിരുവനന്തപുരം ഒഴികെ 13 ജില്ലകളും ഘട്ടം ഘട്ടമായി തുക അനുവദിച്ചു നിർമാണ നവീകരണ പ്രവർത്തികൾ നടത്തി വരുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആക്സസബിൾ ഇന്ത്യ കാമ്പെയിൻ പദ്ധതി രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 6 സർക്കാർ ആശുപത്രികളും, 2 സർക്കാർ മെഡിക്കൽ കോളെജുകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

26. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിയ്ക്കുന്ന പുണ്യഭവൻ എന്ന സ്ഥാപനത്തിലെയും മാനസിക വെല്ലുവിളി നേരിടുന്ന പുരുഷൻമാരുടെ പുനരധിവാസത്തിനായി മലപ്പുറം ജില്ലയിൽ പ്രവർത്തിയ്ക്കുന്ന പ്രതീക്ഷാഭവൻ എന്ന സ്ഥാപനത്തിലെയും താമസക്കാർക്കു വേണ്ടി വിവിധ തെറാപ്പികൾ നടപ്പിലാക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ അനുബന്ധസ്ഥാപനങ്ങളായ National Institute of Speech and Hearing (NISH), National Institute of Physical Medicine and Rehabilitation (NIPMR) എന്നീ സ്ഥാപനങ്ങളിലും വിവിധ തെറാപ്പികൾ നടപ്പിലാക്കുന്നുണ്ട്.

27.ചോദ്യം നം 27 നുള്ള മറുപടി താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷ NIPMR നു കൈമാറിയിട്ടുണ്ട് .

2 8 . ബാധകമാണ്. എന്നാൽ സെക്ഷൻ 94 പ്രകാരം സർക്കാർ ജീവനക്കാർക്കെതിരെ കോടതി നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി,

I/86097/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ 5th Floor,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ഉള്ളടക്കം

പകർപ്പ്